## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3210 13/03/2017-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത് പാലമേൽ ഗ്രാമപഞ്ചായത്ത് ലൈബ്രറി

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>( തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ പാലമേൽ ഗ്രാമപഞ്ചായത്തിലെ ഫാക്ടറി വാർഡിൽ പാലമേൽ ഗ്രാമപഞ്ചായത്ത് ഡിജിറ്റൽ ലൈബ്രറിക്ക് എം.എൽ.എ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16-ൽ തുക അനുവദിച്ച് ഭരണാനുമതി (G.O. (Rt) No. 1207/16/LSGD dtd. 04/03/2016) ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് നാളിതുവരെയും സാങ്കേതികാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) & (സി) | മാവേലിക്കര മണ്ഡലത്തിൽ പാലമേൽ ഗ്രാമ പഞ്ചായത്തിൽ ഫാക്ടറി വാർഡിൽ ഗ്രാമ പഞ്ചായത്ത് ഡിജിറ്റൽ ലൈബ്രറിയ്ക്ക് എം.എൽ.എ ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കോട്ടയം സിഡ്കോ സെയിൽസ് എംപോറിയം മുഖേന ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾക്ക് ആവശ്യമായ വർക്ക് ഓർഡർ, സപ്ലൈ ഓർഡർ, സാങ്കേതികാനുമതി എന്നിവ ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്ന് സിഡ്കോയ്ക്ക് നൽകുന്ന മുറയ്ക്ക് ടെൻഡർ നടപടികളിലൂടെ ടി പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിയും. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് അടിയന്തിരമായി സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ